പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 83 12.12.2012 ൽ മറുപടിയ്ക്ക്

## മരുന്നുകളുടെ ക്ലിനിക്കൽ ട്രയൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. ഇ. പി. ജയരാജൻ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. സി.കെ. സദാശിവൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ക്ലിനിക്കൽ ട്രയൽ നടത്താത്ത നിരവധി മരുന്നുകൾ ഇന്ത്യയിലെ മാർക്കറ്റിൽ വിൽക്കുന്നുണ്ടെന്ന് പാർലമെന്ററി സമിതി കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;<br><br>(ബി) ഇത്തരം മരുന്നുകൾ കേരള വിപണിയിൽ വില്ക്കുന്നില്ലെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;; | (എ) & (ബി)<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ മരുന്നുകൾ വില്ക്കുവാനും ക്ലിനിക്കൽ ട്രയലിനുമുള്ള അനുവാദം നൽകുന്നതും ഡ്രഗ്സ് കൺട്രോളർ ജനറൽ (ഇന്ത്യ) ആണ്. അനുമതി നൽകിയിട്ടുള്ള മരുന്നുകൾ മാത്രമാണ് വിൽക്കപ്പെടുന്നതെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. |
| (സി) വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെയല്ലാതെ സ്വകാര്യ, സർക്കാർ നിയന്ത്രണ ആശുപത്രികളിൽ മരുന്നു പരീക്ഷണം നടത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ഡി) ഇതേക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ; വിശദാംശം നൽകുമോ ; | (സി) & (ഡി)<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത മരുന്നു പരീക്ഷണം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിലേയ്ക്ക് ആരോഗ്യ വകുപ്പിലെ വിദഗ്ധർ അടങ്ങിയ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.<br>ഡ്രഗ്സ് ഇൻസ്പെക്ടർമാർ ക്ലിനിക്കൽ ട്രയലുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുവാൻ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം നോട്ടിഫൈ ചെയ്യിട്ടില്ലാത്തതിനാൽ പരിശോധന നടത്താൻ ഇവർക്ക് അധികാരമില്ല. |
| (ഇ) ഇത്തരം അനധികൃത മരുന്നു പരീക്ഷണം തടയുന്നതിനായി എന്തൊക്കെ സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്? | (ഇ) ക്ലിനിക്കൽ ട്രയലിനുള്ള അനുവാദം നൽകുന്നതും മരുന്നു പരീക്ഷണം നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരിന്റെ, സെൻട്രൽ ഡ്രഗ്സ് കൺട്രോൾ ഓർഗനൈസേഷനും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ചും ആണ്. ഇതിൽ സംസ്ഥാന സർക്കാരിന് അധികാരങ്ങളൊന്നും നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ